# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3567 — 17/12/2015-ന് മറുപടിക്ക്

### ഭരണഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ച നടപടി

**ചോദ്യം** — ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

**ഉത്തരം** — ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഓരോ വകുപ്പുകളിലും എത്ര ശതമാനം ഫയലുകൾ മലയാളത്തിൽ കൈകാര്യം ചെയ്യുന്നുണ്ടെന്ന് വിശദമാക്കുമോ; | (എ) | ഓരോ വകുപ്പുകളിലും മലയാളത്തിൽ കൈകാര്യം ചെയ്യുന്ന ഫയലുകളുടെ ശതമാന കണക്ക് അനുബന്ധമായി ഉള്ളടക്കം ചെയ്തിട്ടുണ്ട്. |
| (ബി) | കോടതിഭാഷ മലയാളമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ; | (ബി) & (സി) | കോടതിഭാഷ മലയാളമാക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>i) 19/12/2013-ലെ സർക്കാർ ഉത്തരവ് നമ്പർ 223/2013/നിയമം അനുസരിച്ച് ഒരു ഔദ്യോഗികഭാഷ ഉന്നതതല സമിതി രൂപീകരിക്കുകയും ഇതിന്റെ പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചുള്ള തുടർ നടപടികൾ ആഭ്യന്തര വകുപ്പും നിയമ വകുപ്പും സ്വീകരിച്ചു വരികയാണ്.<br>ii) ഹൈക്കോടതിയുടെ വിധിന്യായങ്ങളും സുപ്രീംകോടതി കുറിപ്പുകളും ഉൾപ്പെടുത്തിക്കൊണ്ട് ഒരു നിയമ ജേർണൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ നിയമ വകുപ്പിൽ സ്വീകരിച്ചുവരുന്നു. |
| (സി) | കോടതിഭാഷയും ഭരണഭാഷയും പൂർണ്ണമായും മലയാളത്തിലാക്കുന്നതിന് തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ? | | |

| | | | |
|---|---|---|---|
| | | | iii) കീഴ് കോടതികളിൽ ഇപ്പോൾ സ്ഥാപിച്ചുകൊണ്ടിരിക്കുന്ന കമ്പ്യൂട്ടറുകളിൽ മലയാളം സോഫ്റ്റ് വെയർ സ്ഥാപിക്കുന്നതിനും നിലവിലെ ഉദ്യോഗസ്ഥർക്ക് മലയാളം പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.<br>iv) നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ പരിശോധിച്ചുവരുന്നു. ഇതിനുപുറമേ പ്രധാനപ്പെട്ട കേന്ദ്ര ആക്ടുകളും സംസ്ഥാന ആക്ടുകളും അവയുടെ കീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങളും മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തി ആയത് യഥേഷ്ടം വിപണിയിൽ ലഭ്യമാക്കുന്നതിനും നിയമ വിദ്യാഭ്യാസം മലയാളത്തിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമുണ്ട്. |

സെക്ഷൻ ഓഫീസർ

| നം | സർക്കാർ വകുപ്പുകൾ | ശതമാനം |
|---|---|---|
| 1. | പഞ്ചായത്ത് | 92 |
| 2. | മൃഗസംരക്ഷണം | 97 |
| 3. | വനം | 91 |
| 4. | മുൻസിപ്പൽ ഭരണം നഗരകാര്യം | 97 |
| 5. | ഗിരിജനക്ഷേമം (പട്ടികവർഗ്ഗം) | 100 |
| 6. | ആർക്കിയോളജി | 100 |
| 7. | ക്ഷീരവികസനം | 100 |
| 8. | റവന്യൂ (ലാന്റ് റവന്യൂ) | 100 |
| 9. | നാട്ടുചികിത്സ | 100 |
| 10. | സർവ്വേ & ലാന്റ് റിക്കാർഡ്സ് | 100 |
| 11. | എംപ്ലോയ്മെന്റ് & ട്രയിനിംഗ് ഡയറക്ടറേറ്റ് | 100 |
| 12. | ഹോമിയോപ്പതി | 100 |
| 13. | ഇൻഷ്വറൻസ് മെഡിക്കൽ സർവ്വീസ് | 34 |
| 14. | ദേശീയസമ്പാദ്യം | 100 |
| 15. | സ്പോർട്ട്സും യുവജനക്ഷേമം | 100 |
| 16. | വ്യവസായം & വാണിജ്യം | 100 |
| 17. | മൈനിംഗ് & ജിയോളജി | 100 |
| 18. | തുറമുഖം | 75 |
| 19. | ഔഷധനിയന്ത്രണം | 100 |
| 20. | മത്സ്യബന്ധനം | 98 |
| 21. | ജയിൽ | 87 |

| | | |
|---|---|---|
| 22. | അളവുകളും തൂക്കങ്ങളും/ ലീഗൽ മെട്രോളജി | 100 |
| 23. | പുരാരേഖ | 100 |
| 24. | സാമൂഹ്യനീതി വകുപ്പ് | 99 |
| 25. | രജിസ്ട്രേഷൻ | 81 |
| 26. | ഗ്രാമവികസനം | 99 |
| 27. | തൊഴിൽ | 99 |
| 28. | വാണിജ്യ നികുതി | 69 |
| 29. | ജലഗതാഗതം | 100 |
| 30. | സാംസ്കാരിക കാര്യം | 100 |
| 31. | കാഴ്ചബംഗ്ലാവും മൃഗശാലയും | 96 |
| 32. | പ്രിന്റിംഗ് | 100 |
| 33. | ഭാഗ്യക്കുറി | 99 |
| 34. | ഫയർസർവീസ് | 98 |
| 35. | എക്കണോമിക്സും സ്റ്റാറ്റിസ്റ്റിക്സും | 100 |
| 36. | സാങ്കേതിക വിദ്യാഭ്യാസം | 80 |
| 37. | ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് | 100 |
| 38. | ഫാക്ടറികളും ബോയിലറുകളും | 100 |
| 39. | ഗവൺമെന്റ് അനലിറ്റിക്കൽ ലബോറട്ടറി | 84 |
| 40. | തുറമുഖ എഞ്ചിനീയറിംഗ് | 93 |
| 41. | ആരോഗ്യം | 78 |
| 42. | മെഡിക്കൽ വിദ്യാഭ്യാസം | 89 |
| 43. | പോലീസ് | 80 |
| 44. | സൈനികക്ഷേമം | 100 |

| | | |
|---|---|---|
| 45. | ട്രഷറി | 48 |
| 46. | വിജിലൻസ് | 71 |
| 47. | സഹകരണ ആഡിറ്റ് | 100 |
| 48. | തീരദേശ കപ്പൽ ഗതാഗതവും ഉൾനാടൻ ജലഗതാഗതവും. | 90 |
| 49. | ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസം | 94 |
| 50. | പരിസ്ഥിതി കാലാവസ്ഥ വ്യതിയാന വകുപ്പ് | 85 |
| 51. | മണ്ണുപര്യവേഷണം | 82 |
| 52. | വിനോദസഞ്ചാരം | 39 |
| 53. | പശ്ചിമഘട്ടസെൽ | 96 |
| 54. | ജലസേചനവും ഭരണവും | 69 |

(SO)